# Deepika

## 27 August 2018

## Kochi; After Flood, Flood Relief

എല്ലാം മറന്ന്....



ആസിയ ബീവി വെട്ടിക്കൽ മാർ ബസേലിയസ് വിദ്യാനികേതൻ ക്യാമ്പിൽ സന്നദ്ധപ്രവർത്തകർക്കൊപ്പം

### ജിമിക്കി കമ്മലിന് ചുവടുവച്ച് ആസിയാബീവി

**കൊച്ചി:** 'എന്റമ്മേടെ ജിമിക്കി കമ്മൽ എന്റപ്പൻ കട്ടോണ്ട് പോയി' എന്ന ഹിറ്റ് ഗാനം വെട്ടിക്കൽ മാർ ബസേലിയസ് വിദ്യാനികേതന്റെ മതിൽക്കെട്ടിനകത്ത് മുഴങ്ങിയപ്പോൾ മനസിന്റെ കനലുകളെല്ലാം അണച്ച് ആസിയ ബീവിയും കുട്ടിപട്ടാളവും ആ ഗാനത്തിന് ചുവടു വച്ചു. ജീവിതത്തിൽ അതുവരെ സമ്പാദിച്ചതെല്ലാം പ്രളയവും പേമാരിയും കവർന്നെടുത്തപ്പോൾ പ്രാണരക്ഷാർഥം ബസേലിയസിലെ ക്യാമ്പിലെത്തിയ അവർക്ക് ക്യാമ്പിലെ ജീവിതം നല്ല അനുഭവങ്ങളാണ് പകർന്നത്. ചേരാനെല്ലൂരിൽ വെള്ളം കയറിയതിനെ തുടർന്ന് കഴിഞ്ഞ 15നാണ് ആസിയ ബീവിയും കുടുംബവും വെട്ടിക്കൽ മാർ ബസേലിയസ് വിദ്യാനികേതനിൽ എത്തിയത്.

മൂകമായിരുന്ന ക്യാമ്പിനെ സന്തോഷമാക്കാൻ സംഘാടകർ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. കുട്ടികൾക്ക് പാട്ടിനും ഡാൻസിനുമുള്ള വേദിയായി ക്യാമ്പ് മാറി. എന്റമ്മേടെ ജിമിക്കി കമ്മൽ എന്ന ഗാനം എത്തിയതോടെ ആസിയ ബീവിയും അവരോടൊപ്പം ചേർന്നു. അതോടെ ക്യാമ്പിന്റെ അന്തരീക്ഷമാകെ മാറി. എല്ലാവരും ചുറ്റും നിന്ന് കൈ അടിക്കാനും ചിരിക്കാനും തുടങ്ങി. പാട്ടിന് ചേർന്ന രീതിയിൽ സ്വന്തമായി സ്റ്റെപ്പൊക്കെ ചേർത്ത ആസിയ ബീവിയുടെ ഡാൻസ് സോഷ്യൽ മീഡിയ ആഘോഷമാക്കി.

ജീവിതത്തെ എന്നും പുഞ്ചിരിയോടെ കാണാനാണ് തനിക്കിഷ്ടമെന്ന് ആസിയ ബീവി പറയുന്നു. ഇപ്പോൾ സംഭവിച്ചതെല്ലാം ദൈവത്തിന്റെ പരീക്ഷണമാണ്. അതുകൊണ്ട് സങ്കടം ഇല്ല. ജീവൻ തിരിച്ചുകിട്ടിയല്ലോ, നഷ്ടപ്പെട്ടതെല്ലാം വീണ്ടും ഉണ്ടാക്കാം. ജീവിക്കുന്ന സമയമത്രയും സന്തോഷമായിരിക്കണമെന്നാണ് തന്റെ ആഗ്രഹമെന്നും ആസിയ ബീവി പറയുന്നു.

ക്യാമ്പിലും സമൂഹ മാധ്യമങ്ങളിലും താരമായി മാറിയ ആസിയ ബീവി ചേരാനല്ലൂർ എടയാകുന്നം അമ്പലത്തിനടുത്ത് വാടകവീട്ടിലാണ് താമസം. വൈറ്റില ജംഗ്ഷനിൽ ദിവസക്കൂലിക്ക് ട്രാഫിക് വാർഡനായി ജോലി ചെയ്യുന്ന ആസിയ ബീവി കടം വാങ്ങിയും മിച്ചം വച്ചും ഉണ്ടാക്കിയ വീട്ടുപകരണങ്ങളും മറ്റും പ്രളയം കൊണ്ടുപോയി.